# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. T 2931 — 17/10/2016 ൽ മറുപടിക്ക്

**എ.പി.എൽ/ബി.പി.എൽ റേഷൻകാർഡുകളിലെ ന്യൂനതകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ : | ശ്രീ.പി.തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| എ) എ.പി.എൽ/ബിപിഎൽ റേഷൻ കാർഡുകളിലെ ന്യൂനതകൾ പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ? | എ) 2013- ലെ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന പ്രകാരം എ.പി.എൽ/ ബി.പി.എൽ റേഷൻ കാർഡുകൾക്ക് പകരം മുൻഗണനാ/ മുൻഗണനാ ഇതര കാർഡുകളാണ് അച്ചടിച്ച് വിതരണം ചെയ്യുന്നത്. നിലവിലെ എ.പി.എൽ/ ബി.പി.എൽ പട്ടികയ്ക്ക് പകരം റേഷൻ കാർഡുടമകളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ ഉപയോഗിച്ച് സംസ്ഥാനതല റാങ്കിംഗ് നടത്തി മുൻഗണനാ വിഭാഗക്കാരുടെ കരട് പട്ടിക വെബ്സൈറ്റിലൂടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ.ഉ(കൈ)നം.112/2012/തസ്വഭവ എന്ന ഉത്തരവിലെ എസ് ക്ലൂഷൻ/ ഇൻക്ലൂഷൻ മാനദണ്ഡങ്ങളും സ.ഉ(കൈ) നം.16/2011/ തസ്വഭവ ഉത്തരവ് പ്രകാരമുള്ള മാർക്കിന്റെ മാനദണ്ഡങ്ങളുമുപയോഗിച്ച് എൻ.ഐ.സി വികസിപ്പിച്ചിട്ടുള്ള റാങ്കിംഗ് സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് റാങ്കിംഗ് നടത്തിയിട്ടുള്ളത്. കരട് പട്ടികയിന്മേലുള്ള പരാതികളും ആക്ഷേപങ്ങളും പരിഹരിച്ച് ആധാർ ഉപയോഗിച്ച് ഡീ-ഡ്യൂപ്ലിക്കേഷനും നടത്തി അന്തിമ പട്ടിക പ്രസിദ്ധീകരിക്കാവുന്നതാണ്. പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തിയാകുമ്പോൾ റേഷൻ കാർഡിലെ ന്യൂനതകൾ പരമാവധി പരിഹാരം കാണുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**